നം.എച്ച്2/29303/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 20.05.2014

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2013-14 - ഓരോ സ്കൂളിലേക്കും അനുവദിച്ച തസ്തികകളുടെ വിവര ശേഖരണം- തസ്തിക നിർണയ ഉത്തരവുകളിലെ തെറ്റുകൾ തിരുത്തുന്നത് സംബന്ധിച്ച്.**

സൂചന :-
1. 01.10.2011 ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ.(പി) നമ്പർ 313/2013/പൊ.വി.വ.
3. ഈ ഓഫീസിൽ നിന്നുള്ള 05.03.2014 ലെ സർക്കുലർ നമ്പർ എച്ച്2/29303/13/ഡി.പി.ഐ
4. ഈ ഓഫീസിൽ നിന്നുള്ള 19.03.2014 ലെ കത്ത് നമ്പർ എച്ച്2/29303/13/ഡി.പി.ഐ
5. 03.05.2014 ലെ സർക്കാർ കത്ത് നമ്പർ 23279/ജെ2/14/പൊ.വി.വ.
6. ഈ ഓഫീസിൽ നിന്നുള്ള 05.05.2014 ലെ ഇതേ നമ്പർ കത്ത്
7. ഈ ഓഫീസിൽ നിന്നുള്ള 13.05.2014 ലെ ഇതേ നമ്പർ കത്ത്
8. ഈ ഓഫീസിൽ നിന്നുള്ള 15.05.2014 ലെ ഇതേ നമ്പർ കത്ത്

സംസ്ഥാനത്തെ സ്കൂളുകളിൽ 2013-14 വർഷത്തെ തസ്തിക നിർണയം വഴി അനുവദിച്ച തസ്തികകളുടെ എണ്ണവും മറ്റും സൂചന എട്ടിലെ കത്തിലെ നിർദേശം അനുസരിച്ച് വിദ്യാഭ്യാസ ഓഫീസർമാർ ഓൺലൈൻ വഴി സമർപ്പിച്ചത് ക്രോഡീകരിച്ചപ്പോൾ 110 സർക്കാർ/കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ 1:30/1:35 അനുപാതത്തിൽ 260 തസ്തികകൾ അനുവദിച്ചിരിക്കുന്നതായി കാണുന്നു. (സ്കൂൾ കോഡ്, തസ്തികകളുടെ എണ്ണം, എ.ഇ.ഒ/ഡി.ഇ.ഒ തുടങ്ങിയ വിവരങ്ങളടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). സർക്കാർ സ്കൂളുകളിലും കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിലും നിലവിൽ 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ സർക്കാർ/കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളുകളിൽ 1:30/1:35 അനുപാതത്തിൽ തസ്തികകൾ അനുവദിച്ചിരിക്കുന്നത് തെറ്റാണ്. ഒരുപക്ഷേ ഇത്

സംഭവിച്ചത് ഓൺലൈൻവഴി തസ്തികകളുടെ എണ്ണം ടൈപ്പ് ചെയ്തപ്പോൾ കോളം മാറിപ്പോയതുകൊണ്ടാകാം. അങ്ങനെ സംഭവിച്ചതാണെങ്കിൽ ഉടൻതന്നെ പ്രസ്തുത തെറ്റ് എഡിറ്റ് ചെയ്ത് ശരിയാക്കി സമർപ്പിക്കുക.

യഥാർഥത്തിൽ 1:30/1:35 അനുപാതത്തിൽ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളിന്റെ തസ്തിക നിർണയ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് നിയമപ്ര കാരം 1:45 അനുപാതത്തിൽ തസ്തികകൾ പുനർനിർണയം നടത്തി അവയുടെ എണ്ണം ഓൺലൈൻവഴി സമർപ്പിക്കേണ്ടതാണ്. തസ്തിക നിർണയ ഉത്തരവ് ഇതി നകം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പ്രത്യേക അപ്പലേറ്റ് ഉത്തരവ് കൂടാതെതന്നെ അത് റദ്ദ് ചെയ്ത് നിയമപ്രകാരം തസ്തികകൾ പുനർനിർണയിക്കാൻ വിദ്യാഭ്യാസ ഓഫീ സർമാരെ ചുമതലപ്പെടുത്തുന്നു.

21.05.2014 വൈകീട്ട് 5 മണിക്കുമുമ്പ് മേൽപ്പറഞ്ഞ തെറ്റുകൾ ഓൺലൈനിൽ എഡിറ്റ് ചെയ്ത് ശരിയായവ സമർപ്പിക്കണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**എൽ. രാജൻ**
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)